# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അമ്പത്താറ്

## സഭാജീവിതത്തിനുവേണ്ടിയുള്ള ക്രിസ്റ്റാനുഭവങ്ങൾ

Tue

ഈ ദൂതിൽ സഭാജീവിതത്തിനുവേണ്ടിയുള്ള ക്രിസ്റ്റാനുഭവങ്ങളിലേക്ക് നാം വരുന്നു (13:8-15). എങ്കിലും ഈ വിഷയത്തിലേക്ക് ഞാൻ വരുന്നതിനുമുമ്പ് വഴിയെയും ഓട്ടത്തെയും പാതകളെയുംകുറിച്ച്, പ്രത്യേകിച്ചും ഒരു ഓട്ടം അനേകം പാതകളായിത്തീരുന്നതിനെക്കുറിച്ച്, അല്പംകൂടി പറയുവാനുള്ള ഭാരം എനിക്കുണ്ട്.

കൂടാരത്തിലെ ഉപകരണങ്ങളുടെ ക്രമത്തിലേക്ക് നാം നോക്കുന്നതിലൂടെ ക്രിസ്റ്റു എങ്ങനെയാണ് വഴിയും ഓട്ടവുമായിരിക്കുന്നതെന്നും, എങ്ങനെയാണ് ഒരു ഓട്ടം നിരവധി പാതകളായിത്തീരുന്നതെന്നും കാണുവാൻ നമുക്കു കഴിയും. നാം കണ്ടതുപോലെ, യാഗപീഠവും തൊട്ടിയും പ്രാകാരത്തിലും, കാഴ്ചയപ്പത്തിന്റെ മേശയും നിലവിളക്കും ധൂപപീഠവും വിശുദ്ധസ്ഥലത്തും, പൊൻകുടവും തളിർത്ത വടിയും സാക്ഷ്യപലകയുമുള്ള പെട്ടകം അതിവിശുദ്ധസ്ഥലത്തുമാണ്. യാഗപീഠവും തൊട്ടിയും ധൂപപീഠവും പെട്ടകവും ഒരു വരിയായും, കാഴ്ചയപ്പത്തിന്റെ മേശയും നിലവിളക്കും അതിനെ മുറിച്ചുകടക്കുന്ന ഒരു വരിയായും തീരുന്നു. ഈ രണ്ടു വരികൾ ഒരു ക്രൂശിനെ ഉളവാക്കുന്നു. ഈ ഉപകരണങ്ങളിൽ ഓരോന്നും ക്രിസ്റ്റുവിന്റെ ഒരു വശത്തെ സൂചിപ്പിക്കുന്നു.

ക്രിസ്റ്റുവിന്റെ അടുക്കലേക്കു വരുന്ന ഒരു പാപിയുടെ അനുഭവത്തെ പരിഗണിക്കുക. ഒന്നാമത്, അവൻ മുട്ടുകുത്തുന്നിടമായ യാഗപീഠത്തിലേക്കു വരുകയും, ഏറ്റുപറച്ചിൽ നടത്തുകയും, അവന്റെ പകരക്കാരനും വീണ്ടെടുപ്പുകാരനും രക്ഷിതാവുമായി ക്രിസ്റ്റുവിനെ എടുക്കുകയും ചെയ്യുന്നു. ഇവിടെ യാഗപീഠത്തിൽ അവൻ ക്രിസ്റ്റുവിനെ ആസ്വദിക്കുവാൻ ആരംഭിക്കുന്നു. യാഗപീഠത്തിൽ ക്രിസ്റ്റുവിനെ ആസ്വദിച്ചതിനുശേഷം, വീണ്ടെടുപ്പുകാരൻ ജീവൻ-നല്കുന്ന ആത്മാവായിത്തീർന്നു എന്നു സൂചിപ്പിക്കുന്ന തൊട്ടിയിലേക്ക് അവൻ പോകുകയും (1 കൊരി. 15:45; 2 കൊരി. 3:17), അവിടെ

അവൻ ജീവജലത്തിന്റെ കഴുകൽ അനുഭവമാക്കുകയും ചെയ്യുന്നു. തൊട്ടിയിലുള്ള വെള്ളത്തിന്റെ കഴുകൽ യാഗപീഠത്തിലെ രക്തത്തിന്റെ കഴുകലിൽനിന്നും വ്യത്യസ്തമാണ്. യാഗപീഠത്തിലെ രക്തം നമ്മുടെ പാപങ്ങളെ കഴുകിക്കളയുന്നു; തൊട്ടിയിലെ വെള്ളം ഭൗമികമായ അഴുക്കിനെ കഴുകിക്കളയുന്നു.

അനേകം ക്രിസ്ത്യാനികളും യാഗപീഠത്തിനും തൊട്ടിക്കും, തൊട്ടിക്കും യാഗപീഠത്തിനും ഇടയിൽ അങ്ങോട്ടും ഇങ്ങോട്ടും പോകുമ്പോൾ, നാം വിശുദ്ധസ്ഥലത്തേക്കു നേരേയുള്ള ഒരു പാത എടുക്കേണ്ടതാവശ്യമാണ്. ഒരിക്കൽ നാം വിശുദ്ധസ്ഥലത്തായിക്കഴിഞ്ഞാൽ, ജീവന്റെ അപ്പമായ ക്രിസ്തുവിനെ ആസ്വദിക്കുന്നിടമായ കാഴ്ചയപ്പത്തിന്റെ മേശയിലേക്കു പോകുവാൻ നാം വലത്തേക്കു തിരിയുന്നു. സഭയിലേക്കു വരുന്നതിനുമുമ്പ് ക്രിസ്തു ഭക്ഷണയോഗ്യനാണെന്ന് നാം ഒരിക്കലും കേട്ടിരുന്നില്ല. എന്നാൽ കർത്താവായ യേശു പറഞ്ഞു, "ഞാൻ ജീവന്റെ അപ്പം ആകുന്നു," "എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും" (യോഹ. 6:48, 57). ഇപ്പോൾ, സഭയിലേക്കു വന്നതിനുശേഷം ക്രിസ്തുവിനെ ഭക്ഷിക്കുവാൻ, അവനാൽ പോഷിപ്പിക്കപ്പെടുവാൻ, അവനെ ചവച്ചരയ്ക്കുവാൻപോലും നമുക്ക് സഹായം ലഭിച്ചു. കാഴ്ചയപ്പത്തിന്റെ മേശയിൽ അവനാൽ പോഷിപ്പിക്കപ്പെട്ടശേഷം നാം പുറകിലേക്കു തിരിഞ്ഞ് നേരേയുള്ള പാതയിലൂടെ നിലവിളക്കിലേക്കു പോകുന്നു. ഇവിടെ നിലവിളക്കിൽനിന്നും നാം ജീവന്റെ വെളിച്ചത്താൽ (യോഹ. 1:4), അതായത്, ക്രിസ്തുവിനാൽ പോഷിപ്പിക്കപ്പെടുന്നതിൽനിന്നും വരുന്ന വെളിച്ചത്താൽ പ്രകാശിപ്പിക്കപ്പെടുന്നു. നിലവിളക്കിൽനിന്നും നാം പുറകിലേക്ക് കേന്ദ്രീയ രേഖയിലേക്ക് തിരിയുകയും, അവിടെനിന്ന് ഇടത്തേക്കു തിരിഞ്ഞ് നാം ദൈവത്തിനു സ്വീകാര്യമായ മാധുര്യമുള്ള സുഗന്ധവർഗമായി പുനരുത്ഥാനത്തിലുള്ള ക്രിസ്തുവിനെ അനുഭവമാക്കുവാൻ ധൂപപീഠത്തിലേക്കു പോകുകയും ചെയ്യുന്നു. ധൂപപീഠത്തിന്റെ ഈ അനുഭവം നമ്മെ അതിവിശുദ്ധസ്ഥലത്തേക്ക് ആനയിക്കും. കൂടാരത്തിൽ നമുക്ക് നിരവധി പാതകൾ കാണുവാൻ കഴിയും: ക്രൂശു മുതൽ തൊട്ടിവരെയും, തൊട്ടി മുതൽ കാഴ്ചയപ്പത്തിന്റെ മേശ വരെയും, കാഴ്ചയപ്പത്തിന്റെ മേശ മുതൽ നിലവിളക്കു വരെയും, നിലവിളക്കു മുതൽ ധൂപപീഠം വരെയും, ധൂപപീഠം മുതൽ അതിവിശുദ്ധസ്ഥലത്തിലെ പെട്ടകം വരെയുമുള്ള പാതകൾ. ഒരിക്കൽ അതിവിശുദ്ധസ്ഥലത്തായിക്കഴിഞ്ഞാൽ നാം ഷെക്കീനാതേജസ്സിലാണ്. എന്നാൽ നാം അവിടെ നിർത്താൻ പാടില്ല. നാം പിന്നെയും മുന്നോട്ടു പോകുകയും മറഞ്ഞിരിക്കുന്ന മന്നയായ ക്രിസ്തുവിനെ ഭക്ഷിച്ചുകൊണ്ടും, തളിർത്ത വടിയായ അവനിൽനിന്ന് പങ്കുകൊണ്ടും, ജീവപ്രമാണത്തിന്റെ പ്രവർത്തനത്തെ അനുഭവമാക്കിക്കൊണ്ടും പെട്ടകത്തിലെ

സകല ഉള്ളടക്കങ്ങളും അനുഭവമാക്കണം. നാം കണ്ടതുപോലെ ജീവപ്രമാണത്തിന്റെ പ്രവർത്തനം നമ്മെ ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ നിറവേറലിനുവേണ്ടി അവന്റെ പ്രാമാണിക മാതൃകയുടെ സംഘാത പുനരുല്പാദനമാക്കും. പ്രാകാരത്തിലെ യാഗപീഠം മുതൽ അതിവിശുദ്ധസ്ഥലത്തിലെ പെട്ടകം വരെയുള്ള എല്ലാ പാതകളും നമുക്ക് ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറൽ ഉണ്ടായിരിക്കുവാനുള്ള വഴിയും ജന്മാവകാശത്തിന്റെ ആസ്വാദനവുമാണ്. ആത്യന്തികമായി, ഇത് തികവിലേക്കും, തേജസ്കരണത്തിലേക്കും, ദൈവത്തിന്റെ പൂർണ്ണരുചിയിലേക്കുമുള്ള വഴിയാണ്. നമുക്കാവശ്യമായതെല്ലാം ഈ വഴിയിലുണ്ട്.

ഒരിക്കൽ നാം ഈ വഴിയിലായിക്കഴിഞ്ഞാൽ നാം തങ്ങിനിൽക്കുകയോ ശങ്കിച്ചുനിൽക്കുകയോ ചെയ്യരുത്. യെഹൂദമതത്തെയും, കത്തോലിക്കാമതത്തെയും, മറ്റെല്ലാ മതങ്ങളെയും മറന്നുകൊണ്ട് നാം ഓട്ടം ഓടണം. വഴിയിൽ ഓടുവാൻ നാം ആരംഭിക്കുന്ന ഉടനെ അത് നിരവധി പാതകളുള്ള ഒരു ഓട്ടമായിത്തീരുന്നു. യാഗപീഠം മുതൽ തൊട്ടിവരെയും, തൊട്ടി മുതൽ കാഴ്ചയപ്പത്തിന്റെ മേശ വരെയും, കാഴ്ചയപ്പത്തിന്റെ മേശ മുതൽ നിലവിളക്കു വരെയും, നിലവിളക്കു മുതൽ ധൂപപീഠം വരെയും, ധൂപപീഠം മുതൽ പെട്ടകം വരെയുമുള്ള പാതകൾ—ഈ പാതകളാണ് ദൈവത്തിന്റെ നിസ്തുലമായ വഴിയെ സംരചിക്കുന്നത്.

വഴിയായ ക്രിസ്തുവിൽ എന്തുകൊണ്ടാണ് നമുക്ക് ഇത്രയധികം തിരിവുകൾ ആവശ്യമായിരിക്കുന്നത്? നമ്മിലുള്ള സകല പ്രതിലോമ കാര്യങ്ങളെയും ഉന്മൂലനംചെയ്യുവാൻ നമുക്ക് ക്രൂശ് ആവശ്യമായതുകൊണ്ടാണ്. കൂടാരത്തിലെ ഉപകരണങ്ങളുടെ ക്രമീകരണം ക്രൂശിന്റെ അടയാളത്തെ ഉളവാക്കുന്നുവെന്ന് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചിരുന്നു. ക്രിസ്തുവിലുള്ള വഴി ഒരു ക്രൂശിന്റെ രൂപത്തിലാണ്. വാസ്തവത്തിൽ, ക്രൂശാണ് വഴി. പ്രാകാരത്തിലെ യാഗപീഠത്തിൽ നാം ആരംഭിക്കുമ്പോൾ, പാപവും ലോകവും ജഡവും മോഹങ്ങളും സാത്താനും പോലെയുള്ള നിരവധി പ്രതിലോമപരമായ കാര്യങ്ങൾകൊണ്ട് നാം നിറഞ്ഞവരാണ്. എന്നാൽ നാം പാതകളിൽ നടന്നുനീങ്ങുമ്പോൾ ഈ പ്രതിലോമ കാര്യങ്ങളെല്ലാം മുറിച്ചുമാറ്റപ്പെടുന്നു. ഒരിക്കൽ നാം അതിവിശുദ്ധസ്ഥലത്തുള്ള പെട്ടകത്തിൽ എത്തിയാൽ നാം നിർമ്മലീകരിക്കപ്പെട്ട ഒരു വ്യക്തിയാണ്. എല്ലാ പ്രതിലോമ കാര്യങ്ങളും പാതകളായി രൂപപ്പെടുന്ന തിരിവുകളാൽ മുറിച്ചുമാറ്റപ്പെടുന്നുവെന്ന് ഞാൻ പിന്നെയും പറയുന്നു. ഈ എല്ലാ തിരിവുകൾക്കുംശേഷം അവശേഷിക്കുന്നത് ദിവ്യത്വവുമായി ഇഴുകിച്ചേരുവാൻ അനുയോജ്യമായ ഉയിർത്തെഴുന്നേറ്റതും ഉയർത്തപ്പെട്ടതുമായ ഒരു മനുഷ്യത്വമാണ്. ഇത് എത്ര അത്ഭുതകരമാണ്! ദൈവത്തിനു മാത്രമേ ഇത് രൂപകല്പന ചെയ്യുവാൻ കഴിയുകയുള്ളൂ.

ഇനി നാം 13:8-15-ലുള്ള ക്രിസ്താനുഭവങ്ങളിലേക്കു വരുന്നു. എബ്രായലേഖനത്തിന്റെ ആദ്യത്തെ പന്ത്രണ്ട് അധ്യായങ്ങളിലായി നിരവധി കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞതിനാൽ, എന്തിനാണ് പതിമൂന്നാം അധ്യായത്തിൽ കാണുന്ന ക്രിസ്താനുഭവങ്ങൾ എഴുത്തുകാരൻ ഉൾപ്പെടുത്തുന്നത്? യെഹൂദമതാനുസാരികൾ എബ്രായവിശ്വാസികളെ ആകർഷിക്കുവാൻ അവരുടെ മതപരമായ അനുഷ്ഠാനങ്ങളുടെ ഒരു വശം—പെരുന്നാൾ ഭോജനം ഭക്ഷിക്കുന്നത്—ഉപയോഗിക്കുന്നതുകൊണ്ടായിരുന്നു അത്. പഴയനിയമമനുസരിച്ച്, അനേകം നാളുകൾ വിരുന്നിനായി ഒരുമിച്ചു കൂടിവന്ന് യിസ്രായേൽമക്കൾ വർഷത്തിൽ മൂന്നു പ്രാവശ്യം അവരുടെ വാർഷിക വിരുന്നുകളിൽ ദൈവത്തെ ആരാധിക്കുന്നതിനുവേണ്ടി യെരൂശലേമിൽ വന്നിരുന്നു. ഈ വിരുന്നുകളിൽ അവർ പെരുന്നാൾ ഭോജനം കഴിച്ചിരുന്നു. അവർക്ക് വളരെ ആകർഷണീയമായ, ഈ ഒരുമിച്ചുള്ള ഭക്ഷിക്കലായിരുന്നു, "വിവിധമായ വിചിത്ര ഉപദേശങ്ങളാൽ വ്യതിചലിച്ചുപോകരുത്, ആചരിച്ചു പോരുന്നവർക്കു പ്രയോജനപ്പെടാത്ത യാഗഭോജനങ്ങളാലല്ല, കൃപയാൽ ഉറപ്പിക്കപ്പെടുന്നതത്രേ ഹൃദയത്തിനു നല്ലത്" എന്നു പറയുന്ന വാക്യം 9-ലെ പശ്ചാത്തലം. ഇവിടെ പറഞ്ഞിരിക്കുന്ന "ഭോജനം" "കൃപയ്ക്കു" വിരുദ്ധവും പഴയ ഉടമ്പടിയുടെ ആചാരപരമായ അനുഷ്ഠാനങ്ങളിലെ ഭോജനങ്ങളെ പരാമർശിക്കുന്നതും ആണ് (9:10; കൊലൊ. 2:16); പുതിയ ഉടമ്പടിയിൽ ക്രിസ്തുവിൽ പങ്കെടുക്കുന്ന കൃപയുടെ ആസ്വാദനത്തിൽനിന്നും എബ്രായ വിശ്വാസികളെ വ്യതിചലിച്ചുകൊണ്ടു പോകുന്നതിന് യെഹൂദമതാനുസാരികൾ ഇതിനെ തങ്ങളുടെ പ്രയത്നങ്ങളിൽ ഉപയോഗിച്ചിരുന്നു.

അമേരിക്കക്കാരും യൂറോപ്പുകാരും ക്രിസ്തുമസ് സമയത്ത് ആവേശഭരിതരായിരിക്കുന്നതിനെക്കാൾ കൂടുതൽ എല്ലാ യിസ്രായേല്യരും അവരുടെ ഉത്സവങ്ങളുടെ സമയത്ത് ആവേശഭരിതരായിരുന്നു. ഇങ്ങനെയുള്ള മനംകവരുന്ന ആകർഷണത്തിൽനിന്നും ക്രിസ്തുവിന്റെ അന്വേഷകർക്ക് മാറിനിൽക്കുവാൻ വളരെ പ്രയാസമായിരുന്നു. യെഹൂദമതാനുസാരികൾ എബ്രായ വിശ്വാസികളുടെ അടുക്കൽ വന്നു പറയും, "കുറച്ചു നാളുകളിൽ കൂടാരപ്പെരുന്നാൾ ആരംഭിക്കും. നിങ്ങൾ പോകുന്നില്ലെങ്കിൽ, സകല ആസ്വാദനവും നഷ്ടപ്പെടുത്തും. ഞങ്ങൾ പാടുകയും ഒരുമിച്ചു പാർക്കുകയും, നല്ലദേശത്തിന്റെ സകല സമ്പത്തും ആസ്വദിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ എവിടെയായിരിക്കും? ഒരു കൊച്ചു വീട്ടിൽ സഭയായി നിങ്ങൾ കൂടിവരും. അവിടെ നിങ്ങൾക്ക് എന്തു ഭക്ഷിക്കാനുണ്ടാകും? നിങ്ങൾ അവിടെ പോകുന്നുവെങ്കിൽ, നിങ്ങൾക്ക് ഭക്ഷിക്കാനുള്ള യാഗമൃഗങ്ങളെ കൊല്ലാനുള്ള അവകാശം നിങ്ങൾ നഷ്ടപ്പെടുത്തും. നിങ്ങൾക്ക് ഭക്ഷിക്കാൻ

ആഗ്രഹമുണ്ടെങ്കിൽ ഞങ്ങളോടുകൂടെ ആലയത്തിലേക്കു പോകണം. എന്നാൽ നമ്മുടെ വിലയേറിയ ഉത്സവത്തെ നിങ്ങൾ ഉപേക്ഷിച്ചിരിക്കുന്നു. ഇത് അർഥമാക്കുന്നത് ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടുന്ന നിങ്ങൾ സകല ആസ്വാദനത്തെയും നഷ്ടപ്പെടുത്തി എന്നാണ്." നിങ്ങൾ ഒരു യെഹൂദനായിരിക്കുകയും ആ സമയത്ത് അവിടെ ഉണ്ടായിരിക്കുകയും ചെയ്തുവെങ്കിൽ ഈ ആകർഷണത്തെ പ്രതിരോധിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നോ? നമ്മിൽ മിക്കവർക്കും പ്രതിരോധിക്കുവാൻ കഴിയുമായിരുന്നില്ല. അപ്പോൾ ഒരു കൂട്ടു വിശ്വാസി എബ്രായ ക്രിസ്ത്യാനികളുടെ അടുത്തുവന്ന് ഇങ്ങനെ പറയുമായിരിക്കും, "നിങ്ങൾ ആലയത്തിലേക്കു പോകരുത്. നിങ്ങൾ പോകുന്നുവെങ്കിൽ ദൈവകൃപയിൽനിന്നും വീണുപോകും. നമ്മുടെ പഴയ മതത്തിലുള്ള ഭോജനത്തെ ക്കുറിച്ചുള്ള അന്യോപദേശങ്ങളെ ശ്രദ്ധിക്കരുത്. ക്രിസ്തുവാണ് യാഥാർഥ്യം. അവനാണ് എല്ലാം." ഇങ്ങനെയുള്ള വിഷമഘട്ടത്തി നിടയിൽ എബ്രായവിശ്വാസികൾക്ക് എന്തു ചെയ്യണമെന്നറി യില്ലായിരുന്നു. ഇതു നിമിത്തം എഴുത്തുകാരൻ പതിമൂന്നാം അധ്യായത്തിൽ ശക്തമായ ഒരു വാക്ക് അവർക്കു നല്കി.

Wed

## I. എന്നെന്നേക്കും അനന്യനായി ക്രിസ്തു മാറ്റമില്ലാത്തവനാകുന്നു

വാക്യം 8 പറയുന്നു, "യേശു ക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ." വാക്യം 7-ലെ ശുശ്രൂഷകന്മാർ പ്രസംഗിച്ചതും പഠിപ്പിച്ചതുമായ വചനവും, അവർ ജീവിച്ച ജീവനും, അവരുടെ വിശ്വാസത്തിന്റെ കാരണഭൂതനും തികയ്ക്കുന്നവനുമായ ക്രിസ്തു ശാശ്വതനും മാറ്റമില്ലാത്തവനും മാറാത്തവനും ആണ്. അവൻ എന്നെന്നേക്കും അനന്യനാകുന്നു (1:11-12). "സഹോദരന്മാരേ, ക്രിസ്തുവിന്റെ വചനം നിങ്ങളോടു പ്രസംഗിക്കുവാൻ ദൈവം തന്റെ ദൂതരെ അയച്ചു. അവർ പ്രസംഗിച്ച വചനം മാത്രമായിരുന്നില്ല ക്രിസ്തു, പിന്നെയോ അവർ ജീവിച്ച അവരുടെ ജീവനും ക്രിസ്തു ആയിരുന്നു. ഈ ക്രിസ്തു എപ്പോഴും അനന്യനാണ്. അവൻ ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യനാണ്. കഴിഞ്ഞ നാളുകളിൽ നിങ്ങൾ അവനെ ക്രിസ്തുവായി സ്വീകരിച്ചുവെങ്കിൽ, ഭക്ഷിക്കുന്നതിനെക്കുറി ച്ചുള്ള വിചിത്രമായ ഉപദേശങ്ങൾ നിമിത്തം ഇപ്പോൾ നിങ്ങളുടെ ധാരണ നിങ്ങൾ മാറ്ററുത്. ഈ ആചാരപരമായ ഭക്ഷിക്കലിലെ ഒരു ഊണിനുവേണ്ടി ക്രിസ്തുവിലുള്ള നിങ്ങളുടെ ജന്മാവകാശം വിൽക്കരുത്. നിങ്ങൾ ക്രിസ്തുവിനെ സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ ഈ രീതിയിൽ ഞാൻ നിങ്ങളോട് സംസാരിക്കുമായിരുന്നില്ല. എന്നാൽ നിങ്ങൾ മാറ്റമില്ലാത്തവനായ ക്രിസ്തുവിനെ സ്വീക രിച്ചിരിക്കുന്നു. അവൻ മാറാത്തവനായതുകൊണ്ട് നിങ്ങളും

മാറരുത്. ആചാരപരമായ ഭക്ഷിക്കലിനെക്കുറിച്ചുള്ള വിചിത്രമായ ഉപദേശങ്ങളാൽ നിങ്ങൾ വ്യതിചലിച്ചുപോകരുത്. ആ ഭക്ഷിക്കൽ അർഥശൂന്യമാണ്" എന്ന് എഴുത്തുകാരൻ എബ്രായ വിശ്വാസികളോടു പറയുന്നതായി തോന്നുന്നു. എബ്രായലേഖനം വളരെ ആഴമേറിയ ഒരു പുസ്തകമാണ്. കറുപ്പും വെളുപ്പുമായ അക്ഷരങ്ങളനുസരിച്ച് നമുക്കതിനെ മനസ്സിലാക്കുവാൻ കഴിയുകയില്ല. പതിമൂന്നാം അധ്യായം നാം മനസ്സിലാക്കണമെങ്കിൽ, ഈ പുസ്തകത്തിന്റെ ആഴങ്ങളിലേക്ക് നാം ഇറങ്ങിച്ചെല്ലണം.

## II. ശരിയായതും ഉറപ്പുള്ളതുമായ ഒരു സഭാജീവിതത്തിനുവേണ്ടി മാറ്റമില്ലാത്തവനായ ക്രിസ്തുവിനെ മുറുകെപ്പിടിക്കുന്നത്

വാക്യം 9 "വിവിധമായ വിചിത്ര ഉപദേശങ്ങളെ"ക്കുറിച്ചു പ്രതിപാദിക്കുന്നു. ശരിയായതും ഉറപ്പുള്ളതുമായ സഭാജീവിതത്തിന് മാറ്റമില്ലാത്തവനായ ക്രിസ്തുവിനെ നാം മുറുകെപ്പിടിക്കുകയും, സഭയിൽ അഭിപ്രായവ്യത്യാസവും ഭിന്നതയും ഉളവാക്കുവാൻ സാത്താൻ ഉപയോഗിക്കുന്ന വിവിധമായ വിചിത്ര ഉപദേശങ്ങളാൽ വ്യതിചലിച്ചുപോകാതിരിക്കുകയും വേണം. അന്യമായ ഉപദേശങ്ങളാൽ ഉളവാക്കപ്പെടുന്ന അഭിപ്രായവ്യത്യാസവും ഭിന്നതയും നിമിത്തം, "വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്ന്" അപ്പൊസ്തലൻ ജനത്തെ ഉപദേശിച്ചു (1 തിമൊ. 1:3). അക്കാലത്തെ യെഹൂദമതാനുസാരികളായിരിക്കണം ഈ വിവിധമായ വിചിത്ര ഉപദേശങ്ങൾ പഠിപ്പിച്ചത്. പുതിയ ഉടമ്പടിയിൻകീഴിലുള്ള സഭാജീവിതത്തിൽനിന്നും എബ്രായ വിശ്വാസികളെ വ്യതിചലിച്ചുകൊണ്ടുപോകാൻ ഉപദേശങ്ങളെ അനുവദിക്കരുതെന്ന് എഴുത്തുകാരൻ അവർക്ക് മുന്നറിയിപ്പു നല്കി. സഭയിൽ "മറ്റൊരു യേശു," "വേറൊരു സുവിശേഷം" എന്നിങ്ങനെ പ്രസംഗിക്കപ്പെടരുത് (2 കൊരി. 11:4; ഗലാ. 1:8-9). ശരിയായതും ഉറപ്പുള്ളതുമായ സഭാജീവിതത്തിന് ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യനായ ക്രിസ്തുവിനെ നാം മുറുകെപ്പിടിക്കുകയും, വിവിധമായ വിചിത്ര ഉപദേശങ്ങളാൽ വ്യതിചലിക്കപ്പെടാതിരിക്കുകയും വേണം.

## III. കൃപയായി ക്രിസ്തുവിനെ ആസ്വദിക്കുന്നതിന് പുതിയ ഉടമ്പടിയിൽ നിലനിൽക്കുവാൻ കൃപയാൽ ഉറപ്പിക്കപ്പെടുന്നത്

യെഹൂദമതാനുസാരികൾ എബ്രായ വിശ്വാസികളുടെ ശ്രദ്ധതിരിക്കുവാൻ പഴയ ഉടമ്പടിയിലെ അവരുടെ ആചാരപരമായ അനുഷ്ഠാനങ്ങളായ ഭോജനങ്ങളെ ഉപയോഗിച്ചപ്പോൾ, വിശ്വാസികൾ കൃപയാൽ ഉറപ്പിക്കപ്പെടുന്നതിന് ഈ ലേഖനത്തിന്റെ

എഴുത്തുകാരൻ ആജ്ഞാപിക്കുന്നു. അക്കാലത്ത് കൃപയാൽ ഉറപ്പിക്കപ്പെടുന്നത്, കൃപയായി ക്രിസ്തുവിനെ ആസ്വദിക്കുന്നതിന് പുതിയ ഉടമ്പടിയിൽ നിലനിൽക്കുന്നതും (ഗലാ. 5:4), യെഹൂദമതാചാരങ്ങളിലുള്ള ഭോജനങ്ങൾ ഭക്ഷിക്കുന്നതിൽ പങ്കെടുക്കേണ്ടതിന് യെഹൂദമതത്തിലേക്ക് വ്യതിചലിക്കപ്പെടാതിരിക്കുന്നതുമാണ്.

അനേകം പ്രിയപ്പെട്ടവർ കർത്താവിന്റെ പ്രത്യുദ്ധാരത്തെ കണ്ടിട്ടുണ്ടെങ്കിലും, ക്രിസ്തുമസ്സ് എന്ന വിഷയം നിമിത്തം അവർ തങ്ങളടെ ജന്മാവകാശം വിറ്റുകളഞ്ഞു. അവരുടെ ക്രിസ്തുമസ്സ് ആഘോഷം യെഹൂദമതത്തിലെ മതപരമായ ഭോജനംപോലെയാണ്. അമേരിക്കയിലും യൂറോപ്പിലുമുള്ള അനേകം ക്രിസ്ത്യാനികൾക്ക് സാന്താക്ലോസിനെയും ക്രിസ്തുമസ്സ് ട്രീകളെയും ഉപേക്ഷിക്കുവാൻ പ്രയാസമാണ്. ക്രിസ്തുമസ്സ് ട്രീയെയും, സാന്താക്ലോസിനെയും, കാലുറകളെയും കുറിച്ചുള്ള പഠിപ്പിക്കലുകൾ ഇന്നത്തെ വിവിധമായ വിചിത്ര ഉപദേശങ്ങളിൽ ചിലതാണ്. പാശ്ചാത്യ ലോകത്തിലെ നിരവധി വിശുദ്ധന്മാർ ഇതേ കാര്യങ്ങളാൽ കർത്താവിന്റെ പ്രത്യുദ്ധാരത്തിൽനിന്നും വ്യതിചലിച്ചുപോയിട്ടുണ്ട്. ഈ കാര്യങ്ങളെ നാം എടുത്തുകളയുമെങ്കിൽ അനേകം കുഞ്ഞുങ്ങൾ സഭയെ ഉപേക്ഷിക്കുകയും, നിരവധി അപ്പൂപ്പന്മാരും അമ്മൂമ്മമാരും സന്തോഷമില്ലാത്തവരായി, "ക്രിസ്തുമസ്സിനെയും, സാന്താക്ലോസിനെയും, ക്രിസ്തുമസ്സ് കാലുറകളെയും എടുത്തുകളയുവാൻ നമ്മുടെ രാജ്യത്തിൽ വന്ന ഈ പ്രസംഗകൻ ആരാണ്" എന്നു ചോദിക്കുകയും ചെയ്യും. മറ്റുള്ളവർ പറഞ്ഞു, "കർത്താവിന്റെ പ്രത്യുദ്ധാരമാണ് വഴിയെന്ന് ഞങ്ങൾക്കറിയാം, എന്നാൽ ഞങ്ങളുടെ മക്കൾക്ക് ക്രിസ്തുമസ്സിനെ ഉപേക്ഷിക്കുവാൻ കഴിയാത്തതുനിമിത്തം ഞങ്ങൾക്ക് ഈ വഴി എടുക്കുവാൻ കഴിയുകയില്ല." തത്ത്വത്തിൽ, എബ്രായ വിശ്വാസികൾ ഒന്നാം നൂറ്റാണ്ടിലെ പെരുന്നാൾ ഭോജനത്താലെന്നപോലെ ഇവർ ഇന്നത്തെ മതപരമായ ആകർഷണങ്ങളാൽ വലിക്കപ്പെട്ടിരിക്കുന്നു.

## IV. പാപയാഗമെന്ന നിലയിൽ ക്രിസ്തു അവനെത്തന്നെ അർപ്പിച്ച ക്രൂശ് നമ്മുടെ യാഗപീഠമാകുന്നു

വാക്യം പറയുന്നു, "കൂടാരത്തിൽ സേവിക്കുന്നവർക്ക് ഭക്ഷിക്കുവാൻ അവകാശമില്ലാത്ത ഒരു യാഗപീഠം നമുക്കുണ്ട്." ഈ യാഗപീഠം നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള യാഗമായി കർത്താവായ യേശു തന്നെത്താൻ അർപ്പിച്ച ക്രൂശായിരിക്കണം (10:12). പഴയനിയമത്തിലുള്ള യാഗങ്ങളെ സംബന്ധിച്ച ചട്ടങ്ങളനുസരിച്ച്, പ്രായശ്ചിത്തത്തിനുവേണ്ടി അതിവിശുദ്ധസ്ഥലത്തേക്കോ വിശുദ്ധസ്ഥലത്തേക്കോ രക്തം കൊണ്ടുവന്നിരുന്ന പാപത്തിനുവേണ്ടിയുള്ള യാഗമോ പാപയാഗമോ, യാഗം അർപ്പിക്കുന്ന

പുരോഹിതനോ യാഗം അർപ്പിക്കുന്നവനോ ഭക്ഷിക്കുവാൻ ഒന്നും നല്കിയിരുന്നില്ല. ആ യാഗം മുഴുവനായും ദഹിപ്പിക്കണമായിരുന്നു (ലേവ്യ. 4:2-12; 16:27; 6:30). ഇക്കാരണത്താൽ, പാപയാഗത്തിന്റെ യാഗപീഠത്തിൽനിന്ന് (അത് പുതിയനിയമത്തിന്റെ നിറവേറലിൽ കർത്താവിന്റെ ക്രൂശാകുന്നു) കൂടാരത്തെ സേവിക്കുന്നവർക്ക് ഭക്ഷിക്കുവാൻ അവകാശമില്ലായിരുന്നു. വാക്യം 10, ക്രിസ്തുവിന്റെ ആസ്വാദനത്തിൽനിന്നും പുതിയ ഉടമ്പടിയുടെ വിശ്വാസികളെ വ്യതിചലിച്ചുകൊണ്ടുപോകുവാൻ ശ്രമിക്കുന്ന യെഹൂദമതാനുസാരികളുടെ അന്യമായ ഉപദേശത്തിൽ അവർ ഉപയോഗിച്ചിരുന്ന ഭോജനത്തിനെതിരായ ശക്തമായ ഒരു വാദമാണ്. നാം കണ്ടതുപോലെ അവരുടെ ഊന്നൽ മതപരമായ സേവനങ്ങളിൽ അവർ ആസ്വദിച്ച ഭോജനത്തിന്മേലായിരുന്നു. എന്നാൽ ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ വാദിക്കുന്നത് വർഷംതോറുമുള്ള അവരുടെ പ്രായശ്ചിത്തത്തിനു വേണ്ടിയുള്ള അടിസ്ഥാന യാഗമായ പാപയാഗത്തിൽ (ലേവ്യ 16) ഭക്ഷിക്കുവാൻ ആർക്കും ഒന്നും ഉണ്ടായിരുന്നില്ല എന്നാണ്. പാപയാഗത്തെ സംബന്ധിച്ച് അതിനെ ഭക്ഷിക്കുന്നതിനെ സംബന്ധിച്ച കാര്യമല്ല, അതിന്റെ ഫലദായകത്വം പ്രാപിക്കുന്നതിനെ സംബന്ധിച്ച കാര്യമാണ്. ഇപ്പോൾ യഥാർഥ പാപയാഗം, നമ്മുടെ പാപങ്ങൾക്കുവേണ്ടി തന്നെത്താൻ അർപ്പിച്ചവനും, പുതിയ ഉടമ്പടിയിൻകീഴിൽ അവനിൽ ദൈവത്തിന്റെ കൃപയുടെ ആസ്വാദനത്തിലേക്ക് നമ്മെ കൊണ്ടുവരേണ്ടതിന് നമുക്കുവേണ്ടി പൂർണ്ണ വീണ്ടെടുപ്പ് സാധിച്ചവനുമായ ക്രിസ്തുവാണ്. നമുക്ക് ഇന്ന് ആവശ്യമായിരിക്കുന്നത് പഴയ ഉടമ്പടിയുടെ സേവനങ്ങളുടെ ഭോജനങ്ങൾ ഭക്ഷിക്കുന്നതല്ല, പിന്നെയോ ക്രിസ്തുവിന്റെ യാഗത്തിന്റെ ഫലദായകത്വം പ്രാപിക്കുന്നതും പാളയത്തിനു പുറത്ത്, യെഹൂദമതത്തിനു പുറത്ത് പുതിയ ഉടമ്പടിയിൻ കൃപയിൽ അവനെ അനുഗമിക്കുന്നതുമാണ്.

ഈ പുസ്തകത്തിൽ ക്രിസ്തുവിനെ മറ്റൊരു യാഗമായുമല്ല, പാപയാഗമായി മാത്രമാണ് അവതരിപ്പിച്ചിരിക്കുന്നത്. ദൈവവുമായുള്ള നമ്മുടെ പ്രശ്നം അടിസ്ഥാനപരമായി പാപത്തിന്റെ പ്രശ്നമായതിനാൽ, പാപയാഗം എല്ലാ യാഗങ്ങളിലും വച്ച് അടിസ്ഥാനപരവും ഏറ്റവും നിർണായകവുമാണ്. നമ്മുടെ പാപത്തിന്റെ പ്രശ്നം പരിഹരിച്ചിട്ടില്ലെങ്കിൽ ദൈവവുമായുള്ള നമ്മുടെ പ്രശ്നം അപ്പോഴും നിലനിൽക്കുന്നു. ഈ പുസ്തകത്തിൽ ക്രിസ്തു തന്നെത്താൻ അർപ്പിച്ചുവെന്ന് നിരവധി തവണ നമ്മോടു പറഞ്ഞിരിക്കുന്നു (7:27; 9:14), എന്നാൽ ഓരോ സമയത്തും നാം കാണുന്നത് ക്രിസ്തു പാപയാഗമായി തന്നെത്താൻ അർപ്പിച്ചുവെന്നാണ്. അങ്ങനെ, പതിമൂന്നാം അധ്യായത്തിലെ വാദം ഇതാണ്: എബ്രായ ക്രിസ്ത്യാനികൾ ആചാരപരമായ ഭക്ഷണം

തിന്നുവാൻ പെരുന്നാളുൾക്ക് എത്രതവണ പോയാലും, അവർക്ക് പാപയാഗത്തിൽനിന്നു തിന്നുവാൻ കഴിയുമായിരുന്നില്ല. എന്നാൽ ഇപ്പോൾ അവർ പാപയാഗമായി ക്രിസ്തുവിനെ ആസ്വദിക്കുന്നു. ഈ യാഗത്തിൽനിന്നും യെഹൂദമതാനുസാരികൾക്ക് തിന്നുവാൻ യാതൊന്നും ഉണ്ടായിരുന്നില്ല. കൂടാതെ, വാക്യം 11 പറയുന്നു, "മഹാപുരോഹിതൻ പാപപരിഹാരത്തിനായി രക്തം അതിവിശുദ്ധ സ്ഥലത്തേക്കു കൊണ്ടുപോകുന്ന മൃഗങ്ങളുടെ ഉടൽ പാളയത്തിനു പുറത്ത് ദഹിപ്പിച്ചുകളയുന്നുവല്ലോ." ക്രിസ്തുവിന്റെ ശരീരം കവാടത്തിനു പുറത്തേക്കു വഹിച്ചുകൊണ്ടുപോയി. അവിടെ അവൻ മരണം അനുഭവിച്ചു, ഒരർഥത്തിൽ, ദഹിപ്പിക്കപ്പെട്ടു. പാപയാഗമെന്ന നിലയിൽ ക്രിസ്തു ഭക്ഷണത്തിനുവേണ്ടിയല്ല, മറിച്ച് കവാടത്തിനു പുറത്തുള്ള യാഗത്തിനുവേണ്ടിയാണ്.

## V. ക്രിസ്തുവിന്റെ ശരീരം കവാടത്തിനു പുറത്ത് ക്രൂശുമരണം സഹിക്കുകയും അവന്റെ രക്തം നമ്മുടെ ശുദ്ധീകരണത്തിനുവേണ്ടി അതിവിശുദ്ധസ്ഥലത്തേക്കു കൊണ്ടുവരുകയും ചെയ്യുന്നു

വാക്യം 12 പറയുന്നു, "അതുകൊണ്ട് യേശുവും, തന്റെ സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന്, കവാടത്തിനു പുറത്ത് കഷ്ടം സഹിച്ചു." പാപയാഗത്തിന്റെ രക്തം ജനത്തിന് പ്രായശ്ചിത്തം വരുത്തുവാൻ പാപപരിഹാര ദിവസത്തിൽ അതിവിശുദ്ധസ്ഥലത്തേക്കു കൊണ്ടുവരുകയും, അതിന്റെ ഉടൽ പാളയത്തിനു പുറത്തുവച്ച് ദഹിപ്പിക്കുകയും ചെയ്യുന്നത് (ലേവ്യ. 16:14-16, 27) യഥാർഥ പാപയാഗമായ ക്രിസ്തുവിന്റെ രക്തം നമുക്കുവേണ്ടി വീണ്ടെടുപ്പു സാധിക്കേണ്ടതിന് വാസ്തവമായ അതിവിശുദ്ധസ്ഥലത്തേക്കു കൊണ്ടുവന്നതിനെയും, അവന്റെ ശരീരം യെരൂശലേം നഗരകവാടത്തിനു പുറത്തുവച്ച് നമുക്കുവേണ്ടി യാഗമർപ്പിച്ചതിനെയും മുൻകുറിക്കുന്നു.

ക്രിസ്തുവിന്റെ ശരീരം കവാടത്തിനു പുറത്തുവച്ച് ക്രൂശുമരണം സഹിക്കുകയും, അവന്റെ രക്തം നമ്മുടെ ശുദ്ധീകരണത്തിനുവേണ്ടി അതിവിശുദ്ധസ്ഥലത്തേക്കു കൊണ്ടുവരുകയും ചെയ്തു (വാ. 11-12). ദൈവത്തിന്റെ സ്വർഗീയ വിളി നമ്മെ ഒരു സ്വർഗീയ ജനം (3:1), ദൈവത്തിങ്കലേക്ക് വിശുദ്ധീകരിക്കപ്പെട്ട ഒരു ജനം, ആക്കുന്നതാണെന്ന് ഈ പുസ്തകം അനാവരണം ചെയ്യുന്നു. ക്രിസ്തുവാണ് വിശുദ്ധീകരിക്കുന്നവൻ (2:11). തന്റെ സ്വർഗീയ പൗരോഹിത്യത്തിന്റെ (7:26) സ്വർഗീയ ശുശ്രൂഷയാൽ ശുദ്ധീകരണവേല ചെയ്യുവാൻ അവൻ പ്രാപ്തനാകേണ്ടതിനും (8:2, 6), സ്വർഗീയനായ വിശുദ്ധീകരിക്കുന്നവനെന്ന നിലയിൽ അവനിൽ പങ്കെടുക്കേണ്ടതിന് അവന്റെ രക്തത്താൽ നാം

"തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കേണ്ടതിനും" അവൻ ക്രൂശുമരണം സഹിക്കുകയും, ക്രൂശിന്മേൽ തന്റെ രക്തം ചൊരിയുകയും, തന്റെ രക്തത്തോടുകൂടെ അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കുകയും ചെയ്തു (9:12). ഈ രീതിയിൽ അവനിൽ പങ്കെടുക്കുന്നതിലൂടെ ക്രൂശിന്റെ വിശുദ്ധീകരിക്കുന്ന പാതയിലൂടെ പാളയത്തിനു പുറത്ത് അവനെ അനുഗമിക്കുവാൻ നമുക്കു കഴിയും.

## VI. ക്രൂശിന്റെ ശുദ്ധീകരിക്കുന്ന പാതയിൽ അവനെ അനുഗമിക്കുന്നതിന് അവന്റെ നിന്ദ ചുമന്നുകൊണ്ട് "പാളയത്തിനു പുറത്ത്" അവന്റെ അടുക്കലേക്കു പോകുന്നത്

തേജസ്കരിക്കപ്പെട്ടവനെന്ന നിലയിൽ സ്വർഗത്തിൽ അവനെ ആസ്വദിക്കുവാൻ നാം "തിരശ്ശീലയ്ക്കുള്ളിൽ" പ്രവേശിക്കേണ്ടതിന്, അതിവിശുദ്ധസ്ഥലത്തേക്ക് കർത്താവു പ്രവേശിച്ച അവന്റെ രക്തം (9:12) പുതിയതും ജീവനുള്ളതുമായ ഒരു വഴി നമുക്കുവേണ്ടി തുറക്കുകയും (10:9-20), കഷ്ടം സഹിച്ചവനെന്ന നിലയിൽ ഭൂമിയിൽ അവനെ അനുഗമിക്കുവാൻ പാളയത്തിനുപുറത്തു പോകേണ്ടതിന് ക്രൂശിൽ നമുക്കുവേണ്ടി യാഗമായി അർപ്പിക്കപ്പെട്ട അവന്റെ ശരീരം നമുക്കുവേണ്ടി ക്രൂശിന്റെ ഇടുങ്ങിയ വഴി ഒരുക്കുകയും ചെയ്തു. വാക്യം 13 പറയുന്നു, "അതുകൊണ്ട് അവന്റെ നിന്ദ വഹിച്ചുകൊണ്ട്, പാളയത്തിനു പുറത്ത് അവങ്കലേക്ക് പുറപ്പെട്ടുപോകാം." നാം യഥാർഥ ക്രിസ്ത്യാനികളാകണമെങ്കിൽ, മതപരമായ ഊണു കഴിക്കുന്ന രീതിയില്ല, അവന്റെ നിന്ദ ചുമക്കുവാൻ പാളയത്തിനു പുറത്തു പോകുന്ന രീതിയിൽ, ക്രൂശിന്റെ വിശുദ്ധീകരിക്കുന്ന പാതയിൽ അവനെ അനുഗമിച്ചുകൊണ്ട് നാം ക്രിസ്തുവിനെ അനുഭവമാക്കണം. ഈ പ്രത്യേക വശത്തിൽ നാം ക്രിസ്തുവിനെ അനുഭവമാക്കണം. ഈ വശത്തിൽ നാം അവനെ അനുഭവമാക്കണമെങ്കിൽ, അവന്റെ സ്വർഗീയ പൗരോഹിത്യത്തിൽ നമ്മുടെ സ്വർഗീയ വിശുദ്ധീകരിക്കുന്നവനായി നാം അവനെ ആസ്വദിക്കേണ്ടതിന് നാം "തിരശ്ശീലയ്ക്കുള്ളിൽ", അതായത്, അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കണം (10:19-20; 6:19-20).

ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, സഭാജീവിതത്തിനാവശ്യമായ നിരവധി നന്മകളെക്കുറിച്ച് പതിമൂന്നാം അധ്യായം വിവരിക്കുന്നു. ഈ നന്മകൾ നമുക്കില്ലെങ്കിൽ, നമുക്ക് സഭാജീവിതം ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. എബ്രായ വിശ്വാസികൾ ആചാരപരമായ ഭോജനം ഭക്ഷിക്കുവാൻ ആലയത്തിലേക്കു മടങ്ങിപ്പോയി എന്നു സങ്കല്പിക്കുക. അതു ചെയ്യുന്നതിലൂടെ മതത്താൽ ഉപേക്ഷിക്കപ്പെട്ടവനെന്ന നിലയിലുള്ള ക്രിസ്താനുഭവത്തെ അവർ ഉപേക്ഷിക്കുമായിരുന്നു.

യെഹൂദമതത്തിലെ ആചാരപരമായ ഭോജനം ഭക്ഷിക്കുവാൻ തിരികെപ്പോയി ഈ വശത്തിലുള്ള ക്രിസ്തുവിനെ അവർ ഉപേക്ഷിച്ചിരുന്നുവെങ്കിൽ, അവർക്ക് സഭാജീവിതം ഉണ്ടായിരിക്കുന്നത് അസാധ്യമാകുമായിരുന്നു. ഇന്നും ഇതേ തത്ത്വം തന്നെയാണ്. സഭായോഗങ്ങൾ ഉപേക്ഷിക്കുകയും ക്രിസ്തുമതത്തിലെ മതപരമായ അനുഷ്ഠാനങ്ങളിലേക്ക് തിരികെപ്പോകുകയും ചെയ്യുവർ അവരുടെ ജന്മാവകാശം ഉപേക്ഷിച്ചിരിക്കുന്നു. ഇങ്ങനെ ചെയ്യുവർ ക്രിസ്തുവിനും സഭയ്ക്കുംവേണ്ടി കരുതുന്നില്ല; അവർ ഇന്നത്തെ മതപരമായ ആകർഷണങ്ങളിൽ മാത്രം ശ്രദ്ധിക്കുന്നു. അവർ തങ്ങളുടെ ജന്മാവകാശം വിറ്റുകളഞ്ഞതിനാൽ അവർക്ക് ക്രിസ്തുവിനെ ആസ്വദിക്കാനോ പൗരോഹിത്യവും രാജത്വവും അഭ്യസിക്കുവാനോ കഴിയുകയില്ല. ഇങ്ങനെയുള്ള വിശ്വാസികൾ സഹസ്രാബ്ദരാജ്യത്തിൽ പ്രതിഫലമായി ജന്മാവകാശം ആസ്വദിക്കുമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? പുതിയനിയമത്തിലെ വ്യക്തമായ വെളിപാടനുസരിച്ച്, സഭയിൽ നിലനിൽക്കുന്നതിന് നമ്മുടെ ആത്മാവിനെ നാം വ്യായാമംചെയ്യാതെയും, നല്ലദേശമായി ക്രിസ്തുവിനെ ആസ്വദിക്കാതെയും, നമ്മുടെ പൗരോഹിത്യവും രാജത്വവും ഇന്ന് അനുഷ്ഠിക്കാതെയും ഇരിക്കുന്നുവെങ്കിൽ, സഹസ്രാബ്ദരാജ്യത്തിൽ ഒരു പ്രതിഫലമായി നമ്മുടെ ജന്മാവകാശം ആസ്വദിക്കുവാൻ നമുക്ക് അർഹത ഉണ്ടായിരിക്കുകയില്ല. രാജ്യത്തിലെ പ്രതിഫലം സ്വീകരിക്കുന്നതിൽ പരിണമിക്കുന്ന നമ്മുടെ ജന്മാവകാശം നാം വ്യായാമംചെയ്യണമെങ്കിൽ, നാം സഭയിൽ നിലനിൽക്കണം.

സഭയിൽ നിലനിൽക്കുന്നതിനായി നാം മതപരമായ ഏത് അനുഷ്ഠാനത്തെയും ഉപേക്ഷിക്കണം. പാസ്റ്റർമാർമാരായിരിക്കുന്ന ചിലർ ആദരണീയൻ (Reverend) എന്നു വിളിക്കപ്പെടുന്നത് ആസ്വദിച്ചുകൊണ്ട് ഈ പദവി വിട്ടുകളയുവാൻ മനസ്സില്ലാതിരിക്കുന്നു. ദൈവം മാത്രമാണ് ആദരണീയനെങ്കിലും (സങ്കീ. 111:9), അവരുടെ മതപരമായ ഭോജനമെന്നപോലെ ആസ്വദിച്ചുകൊണ്ട് ഈ പദവി സൂക്ഷിക്കുന്നതിൽ അവർ ശഠിക്കുന്നു. ഇങ്ങനെയുള്ള ഒരു പദവി സൂക്ഷിക്കുന്നതുകൊണ്ട് എന്ത് ലാഭമാണുള്ളത്? നിങ്ങൾ അതു സൂക്ഷിക്കുന്നുവെങ്കിൽ നിങ്ങളുടെ ജന്മാവകാശത്തിന്റെ വില നൽകി അങ്ങനെ ചെയ്യും. നമ്മുടെ ഹൃദയം മതപരമായ ഏതെങ്കിലും ഭോജനത്താലല്ല, അതായത്, ഏതെങ്കിലും മതപരമായ ആകർഷണത്താലോ, സ്ഥാനങ്ങളാലോ, പദവികളാലോ, അനുഷ്ഠാനങ്ങളാലോ അല്ല, കൃപയാൽ ഉറപ്പിക്കപ്പെടണം. അവയെല്ലാം നാം ഉപേക്ഷിക്കണം.

കൃപ ഓട്ടത്തിൽ, പാതയിൽ ആണ്. ഈ ഓട്ടത്തിന്റെ ഏതൊരു പാതയിൽനിന്നും നാം വ്യതിചലിക്കാതെ കൃപയുടെ ഓട്ടത്തിൽ തുടരണം. എന്നാൽ ഈ ഓട്ടത്തിന്റെ പാതയിൽനിന്നും,

അതായത്, കൃപയുടെ ആസ്വാദനത്തിൽനിന്നും, നമ്മെ വ്യതിചലിപ്പിക്കാനുള്ള ഒരു അവസരത്തിനുവേണ്ടി നിരവധി കാര്യങ്ങൾ കാത്തിരിക്കുന്നു. കൂടാരത്തിലെ ഉപകരണങ്ങളുടെ ക്രമീകരണം വെളിപ്പെടുത്തുന്നതുപോലെ ഈ ഓട്ടത്തിന്റെ ഓരോ പാതയും ക്രിസ്തുവിന്റെ ആസ്വാദനത്തിന്റെ ഒരു വശമാണ്. ക്രിസ്തുവിന്റെ ആസ്വാദനത്തിൽ ഈ ഓട്ടം നാം ഓടിക്കൊണ്ടേയിരിക്കണം. ഏതെങ്കിലും പദവികളാലോ, സ്ഥാനങ്ങളാലോ, മതപരമായ ആകർഷണങ്ങളാലോ നാം വ്യതിചലിച്ചുപോകരുത്, അവയെല്ലാം വെറും മതപരമായ "ഭോജനങ്ങൾ" ആണ്. സഭാജീവിതത്തിനു വേണ്ടി നമ്മുടെ കൃപയായി നാം ക്രിസ്തുവിനെ അനുഭവമാക്കണം. ഇങ്ങനെയുള്ള ഒരു രീതിയിൽ നാം അവനെ അനുഭവമാക്കുന്നില്ലെങ്കിൽ, നമുക്ക് സഭാജീവിതം ഉണ്ടായിരിക്കുവാൻ കഴിയുകയില്ല.

ഈ വശത്തിൽ നാം ക്രിസ്തുവിനെ അനുഭവമാക്കണമെങ്കിൽ, മതത്തിൽനിന്നുള്ള ഉപദ്രവവും, തിരസ്കരണവും, എതിർപ്പും സഹിച്ചുകൊണ്ട് നാം ക്രൂശിന്റെ വഴി എടുക്കണം. ക്രിസ്തു കവാടത്തിനു പുറത്തുവച്ച് കഷ്ടം സഹിച്ചു, നാം അവന്റെ നിന്ദ ചുമക്കുവാൻ കവാടത്തിനു പുറത്ത് അവനെ അനുഗമിക്കണം. അവന്റെ കഷ്ടത്തിൽ നാം ഇന്ന് പങ്കിടുന്നുവെങ്കിൽ, ഭാവിയിൽ നാം അവന്റെ തേജസ്കരണത്തിൽ പങ്കുകാരാകും. ക്രൂശിന്റെ പാതയിൽ അവന്റെ നിന്ദ ചുമന്നുകൊണ്ട് ഈ രീതിയിൽ നാം ക്രിസ്തുവിനെ അനുഭവമാക്കുന്നുവെങ്കിൽ, നാം സമ്പന്നമായ സഭാജീവിത്തിൽ കാക്കപ്പെടുകയും, സഭയുടെ എല്ലാ യോഗങ്ങളും ഉയർത്തപ്പെട്ടതും സമ്പന്നമാക്കപ്പെട്ടതും ആയിരിക്കുകയും ചെയ്യും. ഇങ്ങനെയുള്ള ഒരു സഭാജീവിതത്തിൽ നമ്മുടെ ജന്മാവകാശം അഭ്യസിക്കുവാൻ നാം പ്രാപ്തരായിരിക്കും. ഇത് വരുവാനിരിക്കുന്ന രാജ്യത്തിൽ നാം പ്രതിഫലം സ്വീകരിക്കുന്നതിൽ പരിണമിക്കും.

## VII. ഇവിടെ നിലനിൽക്കുന്ന പട്ടണമില്ല, സംഘടിപ്പിക്കപ്പെട്ട മണ്ഡലമില്ല, മറിച്ച് വരുവാനുള്ള ഒന്നിനെ, പുതിയ യെരൂശലേം എന്ന ദൈവത്തിന്റെ വിശുദ്ധനഗരത്തെ അന്വേഷിക്കുന്നു

വാക്യം 12 "കവാടത്തിനു പുറത്ത്" എന്നു പറയുകയും, വാക്യം 13 "പാളയത്തിനു പുറത്തു പോകുവാൻ" നമ്മോടു പറയുകയും ചെയ്യുന്നു. ഇവിടെ പറയുന്ന കവാടം യെരൂശലേം നഗരത്തിന്റെ കവാടമാണ്. നഗരം ഭൗമിക മണ്ഡലത്തെയും, പാളയം മാനുഷിക സംഘടനയെയും സൂചിപ്പിക്കുന്നു. രണ്ടും ഒരേ കാര്യത്തെ, ഭൗമികവും മാനുഷികവുമായ രണ്ടു വശങ്ങളോടുകൂടെയുള്ള യെഹൂദമതത്തെ സൂചിപ്പിക്കുന്നു. യെഹൂദമതം ഭൗമികവും മാനുഷികവുമാണ്. വാക്യം 14 പറയുന്നു, "ഇവിടെ നമുക്ക് നിലനിൽക്കുന്ന ഒരു പട്ടണമില്ല,

വരുവാനുള്ളതിനായത്രേ നാം അന്വേഷിക്കുന്നത്.” നമുക്ക് നിലനിൽക്കുന്നതായ ഒരു പട്ടണം, സംഘടിപ്പിക്കപ്പെട്ട ഏതെങ്കിലും മണ്ഡലം ഇല്ലെന്നും, പുതിയ യെരൂശലേം എന്ന ദൈവത്തിന്റെ വിശുദ്ധനഗരമെന്ന വരാനിരിക്കുന്ന ഒന്നിനെ അന്വേഷിക്കുന്നു എന്നുമാണ് ഇത് അർഥമാക്കുന്നത് (വെളി. 21:2, 10). ഈ വാക്യങ്ങളിൽ “നാം” എന്ന സർവനാമം ഉപയോഗിക്കുന്നതിലൂടെ എഴുത്തുകാരൻ തന്നെത്തന്നെയും തന്റെ വായനക്കാരെയും പിതാക്കന്മാരെപ്പോലെ യഥാർഥ നദികടക്കുന്ന എബ്രായരായി കണക്കാക്കുകയായിരുന്നു (11:9-10, 13-16).

## VIII. അതിവിശുദ്ധസ്ഥലത്തിൽ, അവനിലൂടെ ദൈവത്തിന് സ്തോത്രയാഗം അർപ്പിക്കുന്നു

വാക്യം 15 പറയുന്നു, “അങ്ങനെ അവനിലൂടെ അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം നമുക്ക് ഇടവിടാതെ ദൈവത്തിന് അർപ്പിക്കാം.” 8 മുതൽ 14 വരെയുള്ള വാക്യങ്ങളുടെ ഒരു തുടർച്ചയാണ് ഈ വാക്യം. സഭാജീവിതത്തിൽ നാം മാറ്റമില്ലാത്തവനായ ക്രിസ്തുവിനെ കൃപയായി ആസ്വദിക്കുകയും മതത്തിനു വെളിയിൽ അവനെ അനുഗമിക്കുകയും ചെയ്യുന്നതിനാൽ, അവൻ മുഖാന്തരം നാം ദൈവത്തിന് ആത്മികയാഗങ്ങൾ അർപ്പിക്കണം. ഒന്നാമതായി, സഭയിൽ നിരന്തരമായി അവൻ മുഖാന്തരം നാം ദൈവത്തിന് സ്തോത്രയാഗം അർപ്പിക്കണം. സഭയിൽ, അവൻ നമ്മിൽ പിതാവായ ദൈവത്തിന് സ്തുതിഗീതങ്ങൾ ആലപിക്കുന്നു (2:12). നാമും സഭയിൽ അവൻ മുഖാന്തരം പിതാവായ ദൈവത്തെ സ്തുതിക്കണം. ഒടുവിൽ അവനും നാമും, നാമും അവനും സഭയിൽ ഇഴുകിച്ചേർന്ന ആത്മാവിൽ പിതാവിനെ സ്തുതിക്കും. ജീവൻ നല്കുന്ന ആത്മാവെന്ന നിലയിൽ അവൻ നമ്മുടെ ആത്മാവിൽ പിതാവിനെ സ്തുതിക്കുന്നു, നാമും നമ്മുടെ ആത്മാവിനാൽ അവന്റെ ആത്മാവിൽ പിതാവിനെ സ്തുതിക്കുന്നു. ഇതാണ് അവനിലൂടെ ദൈവത്തിനായി നമുക്കർപ്പിക്കുവാൻ കഴിയുന്ന ഉത്തമവും ഉന്നതവുമായ യാഗം. ഇത് സഭായോഗങ്ങളിൽ ഏറ്റവും ആവശ്യമാണ്.